**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3239** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2017 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ എത്ര ജൂനിയർ സുവോളജി അധ്യാപകർ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്; ഇപ്രകാരം ശൂന്യവേതന അവധിയിൽ പ്രവേശിച്ചവരുടെ റിലിവിങ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | 4 അധ്യാപകർ. പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ടി ഒഴിവുകൾ നിലവിൽ വന്ന സമയത്ത് സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നിലനിർത്തേണ്ട തസ്തികയിൽ അധികമായി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇക്കാരണത്താലാണ് ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്. |
| (ബി) | ഗവൺമെന്റ് ഹയർ സെക്കൻഡറിയിൽ എച്ച് .എസ്. എസ്. ടി. ജൂനിയർ (സുവോളജി) തസ്തികയിൽ ശൂന്യവേതന അവധി കഴിഞ്ഞു 2022, 2023 വർഷങ്ങളിൽ ജോലിയിൽ തിരികെ പ്രവേശിക്കാനുള്ളവർക്കായി 2019ലെ പ്രമോഷൻ വഴി നിലവിൽ വന്ന ജൂനിയർ ഒഴിവുകൾ മാറ്റിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ നിയമനത്തെ ബാധിക്കുമെന്നതിനാൽ ഇത് ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നേരിട്ടുള്ള നിയമന ക്വാട്ടയിൽ നാല് ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ) അധികമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലഭ്യമാക്കിയിട്ടുള്ളതിനാൽ ടി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർവ്വാഹമില്ല. |
| (സി) | ശൂന്യവേതന അവധി, അന്യത്ര സേവനം തുടങ്ങിയ കാരണങ്ങൾ പറഞ്ഞു ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് പി.എസ്.സി. നിയമനങ്ങളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നേരിട്ടുള്ള നിയമന ക്വാട്ടയിൽ നാല് ഒഴിവുകൾ (പ്രതീക്ഷിത ഒഴിവുകൾ) അധികമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് അഡ്വൈസ് ലഭ്യമാക്കിയിട്ടുള്ളതിനാൽ ടി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ